ശ്രീ. പി. കെ. വാസുദേവൻനായർ: എഗ്രിമെൻറു നടപ്പിലാക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നു എന്നും മറ്റുമുള്ള ചില കാര്യങ്ങളും പറഞ്ഞ് ചില യൂണിയനുകളും പരാതി തന്നിട്ടുണ്ട്. പക്ഷേ അവ അംഗീകൃത യൂണിയനുകളൊന്നുമല്ല. അംഗീകരിക്കപ്പെട്ടിട്ടില്ലാത്ത ഒട്ടേറെ യൂണിയനുകളും അവിടെയുണ്ട്. അംഗീകൃത യൂണിയനുകളും ഒന്നും പറഞ്ഞിട്ടില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഏതാണ്ട് ഇരുപത്തയ്യായിരത്തോളം തൊഴിലാളികളുള്ളതിൽ പതിനയ്യായിരത്തോളം തൊഴിലാളികളെ പ്രതിനിധീകരിക്കുന്ന യൂണിയനുകളും എഗ്രിമെൻറിൽ പറഞ്ഞിട്ടുള്ള ജോലി വർദ്ധനവിനെയും മറ്റും പറ്റി പരാതി പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് തീരുമാനമെടുക്കുമ്പോൾ ഇവരുടെ അഭിപ്രായംകൂടെ ആരായാൻ ബോർഡിനു നിർദ്ദേശം കൊടുക്കുമോ?

ശ്രീ. പി. കെ. വാസുദേവൻനായർ: അംഗീകൃത യൂണിയനുകളുമായാണ് ബോർഡ് ഒരു കരാർ ഉണ്ടാക്കിയിട്ടുള്ളത്. അവരുമായി മാത്രമേ കരാറുണ്ടാക്കാൻ സാധിക്കുകയുള്ളു. അല്ലാതെ അംഗീകരിക്കപ്പെടാത്ത യൂണിയനുകളുമായി കരാറുണ്ടാക്കാനോ ചർച്ച നടത്താനോ സാദ്ധ്യമല്ല.

ശ്രീ. സി. എ. കുര്യൻ: 1975 നു ശേഷം ബോർഡിൽ നിയമനം കിട്ടിയ ആളുകളുടെ പ്രശ്നമാണു ഹൈക്കോടതിയിലുള്ളതെന്നു പറഞ്ഞു. ബോർഡിലെ എല്ലാ അംഗീകൃത യൂണിയനുകളും, ഇരുപത്തയ്യായിരം തൊഴിലാളികളിൽ ഇരുപത്തിമൂവായിരം തൊഴിലാളികളെയും പ്രതിനിധീകരിച്ചുകൊണ്ടുള്ള സംഘടനകളും കരാറിൽ ഒപ്പു വെച്ച ശേഷം സി. ഐ. ടി. യു. വിൻെറ നേതാവായ മെമ്പർ ആ എഗ്രിമെൻറിനെതിരായി സംസാരിക്കുന്നതു ശരിയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. പി. കെ. വാസുദേവൻനായർ: 1.1.1975 നു ശേഷം ജോലിയിൽ പ്രവേശിച്ച തൊഴിലാളികൾക്ക് നൽകാൻ കഴിയുന്ന പരമാവധി ആനുകൂല്യങ്ങളും ഈ എഗ്രിമെൻറു മുഖേന നൽകിയിട്ടുണ്ട്.

ഡോ. ജോർജ് മാത്യു: ഹൈക്കോടതിയുടെ ഈ സ്റേ അല്ലാതെ വേറെ ഏതെങ്കിലും സ്റേ നിലവിലുണ്ടോ?

ശ്രീ. പി. കെ. വാസുദേവൻനായർ: ഈ ചോദ്യവുമായി ബന്ധമില്ലാത്ത കാര്യത്തിനു മറുപടി നൽകാൻ സാദ്ധ്യമല്ല.

ഗവൺമെൻറുടമയിലുള്ള കോർപ്പറേഷനുകളും കമ്പനികളും

*292 [308] ശ്രീ. ജി. പി. മംഗലത്തുമഠം:
ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി:
ശ്രീ. കെ. എസ്. നാരായണൻനമ്പൂതിരി:
ശ്രീ. എ. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ഗവൺമെൻറുടമയിലുള്ള കോർപ്പറേഷനുകളും കമ്പനികളും കൂടി 1977-78 സാമ്പത്തിക വർഷത്തിൻെറ അവസാനം വരെ ഒട്ടാകെ എത്ര സംഖ്യ നഷ്ടം വരുത്തിയിട്ടുണ്ട്;

(ബി) നഷ്ടം വരുത്തിയ കോർപ്പറേഷനുകളുടേയും കമ്പനികളുടേയും ലിസ്റ്റ് മേശപ്പുറത്ത് വയ്ക്കാമോ;

(സി) അടച്ചു തീർത്ത മൂലധനത്തേക്കാൾ കൂടുതൽ നഷ്ടം വരുത്തിയ കോർപ്പറേഷനുകളും കമ്പനികളും ഉണ്ടോ;

(ഡി) ഉണ്ടെങ്കിൽ അവ ഏതെല്ലാം;

(ഇ) ഈ കോർപ്പറേഷനുകളിലും കമ്പനികളിലും റിട്ടയർ ചെയ്ത എത്ര ഗവൺമെൻറ് ഉദ്യോഗസ്ഥൻമാർ ചെയർമാൻമാരോ മാനേജിംഗ് ഡയറക്ടർമാരോ ആയി ജോലി ചെയ്യുന്നുണ്ട്;

(എഫ്) ഈ കോർപ്പറേഷനുകളിലും കമ്പനികളിലും ചെയർമാൻമാരോ മാനേജിംഗ് ഡയറക്ടർമാരോ ആയി എത്ര എം. എൽ. എ. മാർ നിയമിതരായിട്ടുണ്ട്;

(ജി) മന്ത്രിമാരോ മുൻമന്ത്രിമാരോ ഈ കമ്പനികളിൽ ചെയർമാൻമാരായിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻനായർ):

(എ) ലഭ്യമായ വിവരമനുസരിച്ച് 12 കോർപ്പറേഷനുകളിലായി 9,00,08,274 രൂപ നഷ്ടം വന്നിട്ടുണ്ട്. പൂർണ്ണവിവരം ശേഖരിച്ചു വരുന്നു.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(സി) ഉണ്ട്.

(ഡി) ലഭ്യമായ വിവരമനുസരിച്ച് കേരള ഫിഷറീസ് കോർപ്പറേഷനും കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷനും.

(ഇ) ലഭ്യമായ വിവരമനുസരിച്ച് മൂന്നു പേർ. പൂർണ്ണവിവരം ശേഖരിച്ചു വരുന്നു.

(എഫ്) ലഭ്യമായ വിവരമനുസരിച്ച് രണ്ടു പേർ. പൂർണ്ണ വിവരം ശേഖരിച്ചു വരുന്നു.

(ജി) ഉണ്ട്.

ശ്രീ. ജി. പി. മംഗലത്തുമഠം: 1977.78 സാമ്പത്തിക വർഷത്തിൽ 12 കോർപ്പറേഷനുകളിലായി ഒൻപതു കോടി രൂപയാണ് നഷ്ടം. അപ്പോഴും ശരാശരി ഒരു സ്ഥാപനത്തിന് മുക്കാൽ കോടിയോളം രൂപ നഷ്ടം വന്നിട്ടുണ്ട്. ഈ നഷ്ടം നികത്തുന്നതിന് എന്തെങ്കിലും നവീന മാർഗ്ഗങ്ങളും കണ്ടുപിടിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ ഈ കോർപ്പറേഷൻ പിരിച്ചുവിടാനുദ്ദേശിക്കുന്നുണ്ടോ?

† അനുബന്ധം I.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. വാസുദേവൻനായർ: ബഹുമാനപ്പെട്ട മെമ്പർ തന്നെയാണ് ചോദ്യം ചോദിച്ചിരിക്കുന്നത്. 1977-78 സാമ്പത്തിക വർഷം അവസാനം വരെ എന്നു പറഞ്ഞാൽ ഒരു കൊല്ലത്തേയ്ക്കു മാത്രമുള്ളതല്ല. ആകെ അക്യുമുലേറേഡ് ലോസ് ആണ്. എന്നാൽ പോലും വളരെ ഗൗരവമായിത്തന്നെ ഗവൺമെൻറും ഇതു പരിഗണിക്കുന്നുണ്ട്. തീർച്ചയായും ഈ സ്ഥിതിക്കു മാറ്റം വരണം. അതിനാവശ്യമായ ഗൗരവതരമായ നടപടികളും സ്വീകരിക്കുന്നതിനെക്കുറിച്ച് ഗവൺമെൻറ് ചർച്ച നടത്തിക്കൊണ്ടിരിക്കുകയാണ്. ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം ഈ കോർപ്പറേഷനുകളുടെ നടത്തിപ്പിന് കാര്യക്ഷമതയുള്ള മാനേജ്മെൻറ് ഇല്ല എന്നുള്ളതാണ്.

ശ്രീ. ജി. പി. മംഗലത്തുമഠം: മുടക്കുമുതൽ പോലും നഷ്ടപ്പെട്ടിരിക്കുന്ന രണ്ടു സൊസൈറ്റികളാണ് കേരള ഫിഷറീസ് കോർപ്പറേഷനും സിവിൽ സപ്ലൈസ് കോർപ്പറേഷനും. അതിന് എന്തു നടപടി എടുക്കാനാണ് ഉദ്ദേശിക്കുന്നത് ?

ശ്രീ. പി. കെ. വാസുദേവൻനായർ: ഫിഷറീസ് കോർപ്പറേഷന്റെ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകാൻ സാദ്ധ്യമല്ലാത്ത നിലയ്ക്ക് അതു വേണ്ട എന്നാണ് ഗവൺമെൻറ് കുറെ മുമ്പുതന്നെ തീരുമാനിച്ചത്. സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നഷ്ടവും ലാഭവുമൊക്കെ മാറിമാറി വരുന്നതു സ്വാഭാവികമാണ്. എന്നുവെച്ച് നഷ്ടം വരണം എന്നല്ല. മുമ്പൊരിക്കൽ അരിയുടെ കാര്യത്തിൽ വലിയ ബുദ്ധിമുട്ട് ഉണ്ടായപ്പോൾ കേരളത്തിനു പുറത്തു പോയി ഓപ്പൺ മാർക്കറ്റിൽ നിന്നും അരി വാങ്ങിച്ച് വിതരണം നടത്തിയിട്ടുണ്ട്. മന്ത്രിസഭാലെവലിൽ എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിലായിരുന്നു അതു ചെയ്തത്. ലാഭവും നഷ്ടവും നോക്കാതെ അതു ചെയ്യണമെന്ന് അന്നു പറഞ്ഞിരുന്നു. അപ്പോൾ ചില നഷ്ടങ്ങളൊക്കെ വന്നിട്ടുണ്ട്. അതു പിന്നീട് നികത്താൻ കഴിഞ്ഞെന്നു വരും.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

മന്ത്രിമാരുടെ സ്വത്തുവിവരം

*293 [310] ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള:

ശ്രീ. ടി. എച്ച്. മുസ്തഫ:

ശ്രീ. തെന്നല ബാലകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മന്ത്രിമാർ ചാർജ് എടുക്കുമ്പോഴും ചാർജ് വിടുമ്പോഴും അവരുടെ സ്വത്തു വിവരം മുഖ്യമന്ത്രിക്ക് നൽകുന്ന പതിവ് സംസ്ഥാനത്ത് നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ചാർജ് എടുക്കുകയും ചാർജ് വിടുകയും ചെയ്തിട്ടുള്ള എല്ലാ മന്ത്രിമാരും അവരുടെ സ്വത്തു വിവരം മുഖ്യമന്ത്രിക്ക് നൽകിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly